ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) 70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

   President Droupadi Murmu will confer the 70th National Film Awards for the year 2022 in New Delhi tomorrow

2) മാൽദീവ്സിന് 400 ദശലക്ഷം ഡോളറിൻെറ ധനസഹായം വാഗ്ദാനം ചെയ്ത് ഇന്ത്യ. മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസുവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   India has extended support of 400 million dollars and a bilateral currency swap of 3,000 crore rupees to the Maldives. The decision in this regard was taken during the delegation level talks between Prime Minister Narendra Modi and President of Maldives Dr Mohamed Muizzu in New Delhi today.

3) ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ നാളെ . മുന്നൊരുക്കങ്ങൾ പൂർത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

All preparations have been completed for the counting of votes for Assembly polls in Haryana and Jammu Kashmir tomorrow.

4) പ്രതിപക്ഷത്തിന്റെ നക്ഷത്ര ചിഹ്നമിട്ട 49 ചോദ്യങ്ങൾ, നക്ഷത്ര ചിഹ്നമിടാത്തതാക്കി മാറ്റിയതിനെതിരെ നിയമസഭയിൽ പ്രതിഷേധം. നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു.

Opposition protest in Kerala Assembly over marking 49 starred questions as unstarred. Kerala Assembly adjourned for the day.

5) 2024 ലെ വൈദ്യശാസ്ത്ര നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. വിക്ടർ ആംബ്രോസ്, ഗാരി റവ്കുൻ എന്നീ ശാസ്ത്രജ്ഞർക്കാണ് പുരസ്കാരം.

The Nobel Prize in Physiology or Medicine for the year 2024 has been awarded to scientists Victor Ambros and Gary Ruvkun for their discovery of microRNA and its role in post-transcriptional gene regulation.

6) കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

IMD predicts very heavy rainfall in Kerala. Orange Alert issued for 6 districts in the state.

&&&&&&&&&&&&&&&&&&

## PRESIDENT-FILM AWARDS

70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും. വിഖ്യാത നടൻ മിഥുൻ ചക്രവർത്തിക്ക് ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽകെ പുരസ്കാരം സമ്മാനിക്കും. കന്നട ചിത്രമായ കാന്താരയിലെ അഭിനയത്തിന് മികച്ച നടനുള്ള പുരസ്കാരം ഋഷഭ് ഷെട്ടി ഏറ്റുവാങ്ങും. നിത്യ മേനനും മാനസി പരേഖുമാണ് മികച്ച നടിക്കുള്ള പുരസ്കാരം നേടിയത് . മലയാളത്തിൽ നിന്നുള്ള ആട്ടം - ആണ് മികച്ച ചലച്ചിത്രം.

&&&&&&&&&&&&&&&&&&

## NEW PM – MALDIVES TALKS

മാൽദീവ്സിന് 400 ദശലക്ഷം ഡോളറിൻറെ ധനസഹായവും, 3000 കോടി രൂപയുടെ കറൻസി കൈമാറ്റ സഹായവും വാഗ്ദാനം ചെയ്ത് ഇന്ത്യ. മാൽദീവ്സ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുന്നതിനാണ് സഹായം. അയൽരാജ്യമെന്ന നിലയിൽ മാൽദീവ്സിനോട് എല്ലായ്പ്പോഴും ഉത്തരവാദിത്തം നിറവേറ്റുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. മാൽദീവ്സ് പ്രസിഡൻ്റ് മുഹമ്മദ് മുയിസുവുമായി ന്യൂഡൽഹിയിൽ പ്രതിനിധി തല ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. മാൽദീവ്സിൻറെ അടിയന്തരാവശ്യങ്ങളോട് ഇന്ത്യ സത്വര പ്രതികരണം നടത്താറുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

*(ഹോൾഡ്)*

മാലിദ്വീപിലെ ഹനിമാധു അന്താരാഷ്ട്ര വിമാനത്താവളത്തിൻ്റെ റൺവേ പ്രധാനമന്ത്രി നരേന്ദ്രമോദി മാലിദ്വീപ് പ്രസിഡൻ്റിനൊപ്പം ഉദ്ഘാടനം ചെയ്തു. അഴിമതി, ജുഡീഷ്യറി, കായികം തുടങ്ങി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മാൽദീവ്സ് പ്രസിഡൻ്റിന് രാഷ്ട്രപതി ഭവനിൽ ഔദ്യോഗിക സ്വീകരണം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

**AMIT SHAH – LWE MEETING**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ നക്സൽ തീവ്രവാദം രാജ്യത്ത് നിന്ന് പൂർണമായും തുടച്ചുനീക്കാനാകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നക്സലിസം വികസനത്തിൻ്റെ പാതയിലെ ഏറ്റവും വലിയ തടസ്സമാണെന്നും നക്സൽ പ്രവർത്തനങ്ങളുടെ ഭാഗമായ എല്ലാ യുവാക്കളും ആയുധങ്ങൾ ഉപേക്ഷിച്ച് മുഖ്യധാരയിലേക്ക് കടന്നു വരണമെന്നും ശ്രീ അമിത് ഷാ അഭ്യർത്ഥിച്ചു.

***(ഹോൾഡ്)***

&&&&&&&&&&&&&&&&&&&

## J K COUNTING

ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ നാളെ നടക്കും. മുന്നൊരുക്കങ്ങൾ പൂർത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. രാവിലെ 8 മണി മുതൽ വോട്ടെണ്ണൽ ആരംഭിക്കും. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ത്രിതല സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ജമ്മു കശ്മീരിലെ 90 നിയമസഭാ മണ്ഡലങ്ങളിൽ മൂന്ന് ഘട്ടങ്ങളായും, ഹരിയാനയിലെ 90 അംഗ നിയമസഭയിലേക്ക് ഒറ്റ ഘട്ടമായുമാണ് തിരഞ്ഞെടുപ്പ് നടന്നത്. ജമ്മുകശ്മീരിൽ 63.88 ശതമാനവും, ഹരിയാനയിൽ 65.65 ശതമാനവും പോളിങ്ങാണ് രേഖപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&

## NOBEL PRIZE-MEDICINE

2024 ലെ വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ പുരസ്ക്കാരം പ്രഖ്യാപിച്ചു. വിക്ടർ ആംബ്രോസ്, ഗാരി റവ്കുൻ എന്നീ ശാസ്ത്രജ്ഞർക്കാണ് പുരസ്കാരം ലഭിച്ചത്. മൈക്രോ RNAയുടെ കണ്ടെത്തലിനാണ് പുരസ്കാരം. 1.1 ദശലക്ഷം ഡോളറാണ് പുരസ്ക്കാര തുക. ഊർജ്ജതന്ത്രത്തിനുള്ള നൊബേൽ പുരസ്ക്കാരം നാളെയും രസതന്ത്രത്തിനുള്ള പുരസ്ക്കാരം ബുധനാഴ്ചയും പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&&&

## ASSEMBLY BOYCOTT

പ്രതിപക്ഷത്തിന്റെ നക്ഷത്ര ചിഹ്നമിട്ട 49 ചോദ്യങ്ങൾ, നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളാക്കി മാറ്റിയതിനെതിരെ നിയമസഭയിൽ പ്രതിഷേധം. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി നിയമസഭ നേരത്തേ പിരിഞ്ഞു. ചോദ്യങ്ങൾ ചോദിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം സ്പീക്കർ നിഷേധിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതും തദ്ദേശീയമായതുമായ ചോദ്യങ്ങളാണ് ചട്ട പ്രകാരം, നക്ഷത്ര ചിഹ്നമിടാത്തതാക്കി മാറ്റിയതെന്ന് സ്പീക്കർ എ എൻ ഷംസീർ മറുപടി നൽകി. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ASSEMBLY DATE

പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനം പുനഃക്രമീകരിച്ചു. 18 വരെ ചേരാനിരുന്ന സഭാ സമ്മേളനം 15-ാം തീയതി വരെയാക്കി ചുരുക്കി. കാര്യോപദേശ സമിതിയുടെ ശിപാർശ പ്രകാരമാണ് നടപടി.

&&&&&&&&&&&&&&&&&&

## VAYU VEER VIJETA RALLY

ഇന്ത്യൻ വ്യോമസേനയുടെ നേതൃത്വത്തിലുള്ള മെഗാ 'വായു വീർ വിജേത' കാർ റാലിക്ക്, ലഡാക്കിലെ തോയിസിൽ നാളെ തുടക്കം. സേനയുടെ 92-ാം വാർഷികത്തോടനുബന്ധിച്ചാണ് ഏഴായിരം കിലോമീറ്റർ ദൈർഘ്യമുള്ള കാർ റാലി സംഘടിപ്പിക്കുന്നത്. ഈ മാസം 29 ന് അരുണാചൽ പ്രദേശിലെ തവാങ്ങിലാണ് റാലി സമാപിക്കുക. കാർ റാലിക്ക് ഈ മാസം ഒന്നിന് ന്യൂഡൽഹിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഊഷ്മളമായ യാത്രയയപ്പ് നൽകിയിരുന്നു. കേന്ദ്രസഹമന്ത്രി ഹർഷ് മൽഹോത്ര കാർ റാലിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**CM-KERALA**

പഴയ കെട്ടിടങ്ങൾക്ക് അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ രൂപീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പും അഗ്നിസുരക്ഷാ വകുപ്പും സംയുക്തമായി മാർഗരേഖ തയ്യാറാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെട്ടിടങ്ങൾ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും, കെട്ടിടങ്ങളുടെ ഫയർ എൻ.ഒ. സി സംബന്ധിച്ച യോഗത്തിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിലെ വിവിധ ജില്ലകളിൽ വെള്ളിയാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ

വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## STALIN -EX GRATIA

ഇന്ത്യൻ വ്യോമസേനയുടെ അഭ്യാസ പ്രകടനം കാണുന്നതിനിടെ ചെന്നൈയിൽ ഇന്നലെ മരിച്ചവരുടെ കുടുംബങ്ങൾക്ക് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ 5 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. സൂര്യാഘാതവും, മറ്റ് മെഡിക്കൽ കാരണങ്ങളുമാണ് മരണത്തിലേക്ക് നയിച്ചതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ശ്രദ്ധ നൽകുമെന്നും തമിഴ്നാട് മുഖ്യമന്ത്രി വ്യക്തമാക്കി. അതേസമയം എയർഷോയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ തമിഴ്നാട് സർക്കാർ പരാജയപ്പെട്ടതായി കേന്ദ്രസഹമന്ത്രി എൽ.മുരുഗൻ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## DIPA KARMAKAR-RETIREMENT

ഇന്ത്യൻ ജിംനാസ്റ്റിക് താരം ദീപ കർമാകർ ഔദ്യോഗിക വിരമിക്കൽ പ്രഖ്യാപിച്ചു. ശാരീരികമായ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് 31 കാരിയായ താരം വിരമിക്കൽ പ്രഖ്യാപിച്ചത്. പത്മശ്രീ, അർജുന അവാർഡ്, മേജർ ധ്യാൻ ചന്ദ് ഖേൽ രത്ന പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ദീപ കർമാകർ സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## WOMENS T-20

ഐ.സി.സി ട്വന്റി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ- ദക്ഷിണാഫ്രിക്കയുടെ ബാറ്റിങ്ങ് അൽപസമയം മുൻപ് ആരംഭിച്ചു. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബാറ്റിങ്ങ് തിരഞ്ഞെടുക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&

## SL JAYASURIYA

ശ്രീലങ്കൻ ക്രിക്കറ്റ് ടീമിൻറെ പരിശീലകനായി മുൻ ക്യാപ്റ്റൻ സനത് ജയസൂര്യയെ നിയമിച്ചു. ജയസൂര്യ താത്കാലിക കോച്ചായിരുന്ന കാലയളവിൽ ശ്രീലങ്കൻ ടീം കാഴ്ച വച്ച മികച്ച പ്രകടനം കണക്കിലെടുത്താണ് തീരുമാനം.

&&&&&&&&&&&&&&&&&&

## NEHRU TROPHY

2024 ലെ നെഹ്രു ട്രോഫി വള്ളംകളി മത്സരത്തിൽ കാരിച്ചാൽ ചുണ്ടൻ തന്നെ ജേതാവ്. മത്സരഫലം സംബന്ധിച്ച പരാതികൾ അപ്പീൽ കമ്മിറ്റി തള്ളി. ബന്ധപ്പെട്ട വീഡിയോ, ടൈമിങ് സംവിധാനം എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. വിധി പുനഃപരിശോധിക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല എന്ന് അപ്പീൽ കമ്മിറ്റി വിലയിരുത്തിയതായി ജില്ലാ കളക്ടർ അലക്സ് വർഗീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&